LIBRARY ARCHIVES Kerala Legislative Assembly

എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് കേന്ദ്ര സഹായത്തോടുകൂടി പ്രീ-മെട്രിക് സ്കോളർഷിപ്പായി പ്രതിവർഷം 2250 രൂപ അനുവദിച്ചുവരുന്നു. ഇത് വളരെ കുറവുതന്നെയാണ്. ഇതൊക്കെ സമ്പൂർണ്ണമായ പരിഹാരമാണ് എന്നല്ല. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാർത്ഥികൾക്ക് പരമാവധി സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ശ്രീ. വി.റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ, ഇവിടെയും മറിച്ചുള്ള പ്രചരണങ്ങളുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം കൊടുക്കുന്നില്ലെന്ന് പറയുന്ന എസ്.സി. വിഭാഗം സംഘടനകൾതന്നെയുണ്ട്. അത് തെറ്റാണ്. ന്യൂനപക്ഷ വിഭാഗത്തിലെ വരുമാന പരിധിക്കുതാഴെ ഉള്ളവർക്കു മാത്രമാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്. എസ്.സി. വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം കൊടുക്കുന്നുണ്ട്. അത്തരത്തിലുള്ള താരതമ്യ പഠനം ഒരിക്കലും നമ്മുടെ സമൂഹത്തിന് നല്ലതല്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുവെന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് അങ്ങയെ അറിയിക്കുകയാണ്.

(16) ദേശീയപാതയിലെ അപകട സാധ്യത

ശ്രീ. വർക്കല കഹാർ: സർ, തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ ആറ്റിങ്ങൽ വരെയുള്ള പ്രദേശം വലിയ അപകട മേഖലയാണ്. 83 പേരാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിലുണ്ടായ വിവിധ അപകടങ്ങളിൽ മരിച്ചത്. ഏറ്റവുമൊടുവിൽ മാമത്തുണ്ടായ അപകടത്തിൽപെട്ടത് ഒരു സ്കൂൾ ബസ്സായിരുന്നു. ആ അപകടത്തിൽ 3 പേർ മരിക്കുകയും മുപ്പതോളം ആളുകൾ ആശുപത്രികളിലുമാണ്. അതിൽ 7 പേരുടെ നില വളരെ ഗുരുതരമാണ്. മാത്രമല്ല, ഓരോ അപകടവും അംഗഭംഗം വന്ന ആളുകളേയും ജീവിതം മുഴുവൻ നരകയാതന അനുഭവിക്കുന്ന ആളുകളേയും സൃഷ്ടിക്കുകയാണ്. ഇതിന് പരിഹാരമായി ഒന്നും ചെയ്യാനില്ലേ എന്നാണ് എല്ലാവരുടേയും ചോദ്യം. ഇത്രയും വലിയൊരു അപകടമേഖലയിൽ ഇതുവരെ സർക്കാരിന് ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. ഞാൻ രണ്ട് വർഷത്തിനുമുമ്പ് ഇക്കാര്യത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. അന്ന് ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നുള്ളതിന്റെ റിപ്പോർട്ട് നൽകാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി. പക്ഷേ ഇക്കാര്യത്തിൽ കാര്യമായ ഒരു നടപടിയും കളക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇപ്പോൾ

നിരന്തരം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെയും അപകടമുണ്ടായി. എല്ലാ ദിവസവും ഒരപകടമുണ്ടാകും. ആ അപകടത്തിൽ ആളുകൾക്ക് അംഗഭംഗം സംഭവിക്കുകയും അപകടകരമായ നിലയിൽ പലർക്കും ആശുപത്രികളിൽ കഴിയേണ്ടിവരികയും ചെയ്യുന്നു. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഞാൻ ദീർഘിപ്പിച്ച് ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെയുണ്ട്. യഥാർത്ഥത്തിൽ ആഭ്യന്തര വകുപ്പു മന്ത്രി കൂടി ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം, ഈ രണ്ട് വകുപ്പുകളും ഇക്കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും ആധുനിക സംവിധാനങ്ങളുപയോഗിച്ച് അപകടങ്ങൾ തടയുന്ന സ്ഥിതി വിശേഷമുണ്ട്. അതുകൊണ്ട് നമുക്ക് അതെല്ലാം ചെയ്യാൻ കഴിയണം. റോഡപകടങ്ങളിൽപ്പെട്ട് ഒരാൾപോലും മരിക്കരുത് എന്നുള്ള ഉദ്ദേശ്യത്തോടെ, അടിയന്തര പ്രാധാന്യത്തോടെ ഇക്കാര്യത്തിൽ വേണ്ട നടപടി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും അദ്ദേഹത്തിന്റെയും ഭാഗത്തുനിന്നുകൂടി ഗഹനമായ ചിന്തയും പ്രവൃത്തിയും നടപടിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. വർക്കല കഹാർ, എം.എൽ.എ. ഇവിടെ ഉന്നയിച്ചത് ഒരു ഗുരുതരമായ പ്രശ്നമാണ്. കടമ്പാട്ടുകോണം മുതൽ ആലംകോട്ടുവരെയുള്ള ഭാഗം ദേശീയപാത വികസന പദ്ധതിയിൽപ്പെടുത്തി ഓച്ചിറ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയപാത വികസനത്തിനാവശ്യമായ സ്ഥലമെടുപ്പിലുണ്ടായ കാലതാമസം കാരണമാണ് ആ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതിരുന്നത്. ഇപ്പോൾ വളരെ ഊർജ്ജിതമായി ആ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കളക്ടറെ ചുമതലപ്പെടുത്തി എന്നുപറഞ്ഞു. അതാണ് ശരിയായ വഴി. കാരണം റോഡ് സേഫ്റ്റി അതോറിറ്റി ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ആ സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ ജില്ലാചെയർമാൻ ജില്ലാകളക്ടറാണ്. അദ്ദേഹത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. അതിനുള്ള ഫണ്ട് റോഡ് സേഫ്റ്റി അതോറിറ്റി ലഭ്യമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട അതോറിറ്റികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം വിളിക്കാവുന്നതാണ്. അതോടൊപ്പംതന്നെ ഈ പ്രദേശത്ത് 8.25 കോടി രൂപയുള്ള റോഡ് സുരക്ഷാ പദ്ധതി സർക്കാർ അനുവദിച്ചിട്ടുണ്ട്. ആ പദ്ധതി ഉടനെ നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly